ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്തരം (എ)-യുടെ വെളിച്ചത്തിൽ ബാധകമല്ല.

പുനർനടീലിന്റെ ഭാഗമായുള്ള വനമേഖലയിലെ തീയിടൽ

237 (1942) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് വനം വകുപ്പ് പുനർനടീലിന്റെ ഭാഗമായി വനമേഖല തീയിടുന്ന രീതി നിലവിലുണ്ടോ ;

(ബി) ഇത് വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളെയും ഔഷധ സസ്യങ്ങൾ ഉൾപ്പടെയുള്ള പല സസ്യങ്ങളുടെയും നാശത്തിനിടയാക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വനം വൃത്തിയാക്കുന്നതിന് ഇത്തരത്തിലുള്ള രീതി അവലംബിക്കുന്നതുമൂലം വന്യജീവികൾ കൂട്ടത്തോടെ നാട്ടിലേയ്ക്ക് പലായനം ചെയ്യുന്നതിന് ഇടയാക്കുമെന്നും കർഷകരുൾപ്പെടെയുള്ളവർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വന്യജീവികളെ കൊന്നും ആവാസവ്യവസ്ഥ നശിപ്പിച്ചുമുള്ള ഈ പ്രക്രിയ തുടരുന്നത് സംബന്ധിച്ച് ഒരു പുനർചിന്തനത്തിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അടക്കിമുറി നടന്ന തോട്ടങ്ങളിൽ പുനർനടീൽ നടത്തുന്നതിന്റെ ഭാഗമായി ഉണങ്ങിക്കിടക്കുന്നതായ കുറ്റികളും മറ്റു ചപ്പു ചവറുകളും പല ഭാഗങ്ങളിലായി കൂട്ടി വെച്ച് തീയിടുന്ന രീതി നിലവിലുണ്ട്. വർക്കിംഗ് പ്ലാനുകളിൽ നിർദ്ദേശിക്കപ്പെട്ടതടക്കമുള്ള ശാസ്ത്രീയമായ പരിപാലന രീതികൾ പ്രകാരം വനംവകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് ചെയ്യുവരുന്നത്. എന്നാൽ സ്വാഭാവിക വനങ്ങളിൽ ഇതു ചെയ്യാറില്ല.

(ബി) മേൽ പ്രവൃത്തി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ചെയ്തു വരുന്നതിനാൽ മറ്റ് ഭാഗങ്ങളിലേക്ക് തീ പടരുന്നില്ല. ആയതുകൊണ്ടു തന്നെ മറ്റ് ജീവജാലങ്ങൾക്കും, സസ്യലതാദികൾക്കും നാശം സംഭവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) അടക്കിമുറി നടത്തിയ തോട്ടങ്ങളിൽ വീണ്ടും തോട്ടം വച്ചു പിടിപ്പിക്കുന്നതിന് സ്ഥലം ഒരുക്കുന്നതിന്റെ ഭാഗമായിട്ടാണ് തടിയും വിറകും മറ്റും ശേഖരിച്ചു കഴിഞ്ഞശേഷം അവശിഷ്ടങ്ങളും മറ്റും കൂട്ടിയിട്ട് കത്തിക്കുന്നത്. ഇതുമൂലം വന്യജീവികൾ കൂട്ടത്തോടെ നാട്ടിലിറങ്ങുകയോ കർഷകർക്കും മറ്റും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയോ ചെയ്യാറില്ല.

(ഡി) വർക്കിംഗ് പ്ലാനുകളിൽ നിർദ്ദേശിക്കപ്പെട്ടതടക്കമുള്ള ശാസ്ത്രീയമായ പരിപാലന രീതികൾ പ്രകാരം നിയന്ത്രിത രീതിയിലുള്ള തീയിടൽ ആകയാൽ മേൽ പ്രവൃത്തിമൂലം വന്യജീവികളുടെ ആവാസ വ്യവസ്ഥ നശിക്കപ്പെടുന്നില്ല.

വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വനവൽക്കരണ പദ്ധതികൾ

238 (1943) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വനവൽക്കരണ പദ്ധതികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയുടെ വിജയത്തിനായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതിയുടെ പുരോഗതിയെക്കുറിച്ചും ഇതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോയെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സാമൂഹിക വനവൽക്കരണ വിഭാഗം മുഖേന 'എന്റെ മരം,' 'നമ്മുടെ മരം' എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന മാനദണ്ഡത്തെ അടിസ്ഥാനപ്പെടുത്തി സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളേയും, കോളേജുകളെയും ഈ പദ്ധതിക്കായി തെരഞ്ഞെടുക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly